(ബി) അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ ഒരു വർഷം 472 പൊളുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ഷോളയൂർ ഗ്രാമപഞ്ചായത്തിലെ സാമ്പർക്കോട്, താഴെ സാമ്പർക്കോട് എന്നീ ഊരുകളിലും പുളൂർ ഗ്രാമപഞ്ചായത്തിലെ വിട്ടിയൂർ, ചാളയൂർ ഊരുകളിലും ഇരുമ്പിന്റെ അംശം അളവിൽ കൂടുതൽ ഉള്ളതിനാൽ അയേൺ റിമൂവർ ഫിൽട്ടർ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ ഒന്നുംതന്നെ അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്നില്ല. ആയതിനാൽ അത്തരത്തിലുള്ള ഗുണനിലവാര പരിശോധന നടക്കുന്നില്ല.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

231 (896) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 വർഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ തെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെ പേര്, തുക, ആരംഭിക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ്

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാല് വർഷത്തിൽ (2011-12 to 2014-15) 18 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 15 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3 പ്രവൃത്തികൾ നടന്നുവരുന്നു. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

കോഴീക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാല് വർഷത്തിൽ കേരള ജല അതോറിറ്റി. ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതി കളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ട്സ് 1

പ്രോജക്ട്സ് 1-ന് കീഴിലുള്ള കുറ്റ്യാടി ജലസേചന പദ്ധതിയിൽ 2011-12-ൽ രണ്ട് പ്രവൃത്തികളും 2013-14-ൽ രണ്ട് പ്രവൃത്തികളും 2014-15-ൽ രണ്ട് പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു :

2011-12

1. കെ.വൈ.ഐ.പി. - ചേവായൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 1/500 കി.മീ. മുതൽ 1/850 കി.മീ. വരെ അടിയന്തര അറ്റകുറ്റപ്പണികൾ - 4,70,339 രൂപ

2. കെ.വൈ.ഐ.പി. - ചേവായൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 2/00 കി.മീ മുതൽ 2/250 കി.മീ. വരെ അടിയന്തര അറ്റകുറ്റപ്പണികൾ - 2,89,854 രൂപ.

2013-14

1. കെ.വൈ.ഐ.പി. - പുതിയങ്ങാടി ഡിസ്ട്രിബ്യൂട്ടറിയുടെ വാർഷിക അറ്റകുറ്റപ്പണികൾ - 3,43,458 രൂപ

2. കെ.വൈ.ഐ.പി. - പുതിയങ്ങാടി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0/000 കി.മീ. മുതൽ 0/200 കി.മീ. വരെ അടിയന്തര അറ്റകുറ്റപ്പണികളും ലീക്ക് ഒഴിവാക്കലും - 6,17,958 രൂപ.

2014-15

1. കെ.വൈ.ഐ.പി. - ചേവായൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 1/500 കി.മീ. മുതൽ 1/850 കി.മീ. വരെ 2013-14 വർഷത്തെ അറ്റകുറ്റപ്പണികൾ - 38,264 രൂപ.

2. കെ.വൈ.ഐ.പി. - എ.സി.പി. പുതിയങ്ങാടി ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 2/350 കി.മീ. മുതൽ 3/850 കി.മീ. വരെയും 3/200 കി.മീയിലും ഉള്ള അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യലും കനാലിന്റെ മുകൾഭാഗം കോൺക്രീറ്റ് ചെയ്യലും മറ്റും - 4,91,762 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകുപ്പ്

കോഴിക്കോട് നിയോജകമണ്ഡലത്തിൽ ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പദ്ധതിയുടെ പേര്	നിയോജക മണ്ഡലം	സ്കീം	അടങ്കൽ തുക	റിമാർക്സ്
നങ്ങാറിപറമ്പ് മിനി കുടിവെള്ള പദ്ധതി	കോഴിക്കോട് കോർപ്പറേഷൻ വാർഡ് - 12	രാജീവ്ഗാന്ധി മിനി കുടിവെള്ള പദ്ധതി 2014-15	3,50,000	പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറി
വേട്ടയാടുകുന്ന് മിനി കുടിവെള്ള പദ്ധതി	കോഴിക്കോട് കോർപ്പറേഷൻ വാർഡ് - 12	എം.എൽ.എ. എ.ഡി.എഫ് 2014-15	3,65,000	പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു
മച്ചാടത്തു കോളനി ഹാന്റ് പമ്പ് സ്കീം	കോഴിക്കോട് കോർപ്പറേഷൻ	രാജീവ്ഗാന്ധി മിനി കുടിവെള്ള പദ്ധതി 2013-14	52,338	കോർപ്പറേഷന് കൈമാറി

(ബി) ജലസേചന വകുപ്പ്

കോഴിക്കോട് കോർപ്പറേഷനിലെ ബിലാത്തിക്കുളം പുനരുദ്ധാരണം - 44.00 ലക്ഷം

ഇതിന്റെ കരാർ ആരും ഏറ്റെടുത്തിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല

കേരള ജല അതോറിറ്റി

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പള്ളിമലക്കുന്ന് കുടിവെള്ള പദ്ധതിക്കായി എം.എൽ.എ.-യുടെ പ്രാദേശിക ഫണ്ടിൽനിന്നും 16 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ പള്ളിമലക്കുന്നിലേക്കുള്ള കിണർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ വെള്ളം കുടിക്കുവാൻ യോഗ്യമല്ലെന്ന ഹൈഡ്രോളജിസ്റ്റിന്റെ റിപ്പോർട്ട് ലഭിച്ചിരുന്നതിനാൽ ഈ പദ്ധതി നടത്തുവാൻ സാധിച്ചിട്ടില്ല.